Questions to be Considered on 29-06-2012



നൽകി സഹായിക്കുക, പൗൾട്രി ഡ്രസ്സിംഗ് സ്റ്റാളുകൾ സ്ഥാപിക്കുന്നതിനുള്ള നൈപുണ്യ വികസനം, ശാസ്ത്രീയ കറവക്കാരെ രൂപപ്പെടുത്തുക, ശ്വാനപരിപാലനത്തിനും മറ്റ് മേഖലകളിലും വിദഗ്ദ്ധ പരിശീലനം നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗങ്ങൾ.

ഇതിനായി ജില്ലകളിൽ നിക്ഷേപകസംഗമങ്ങളും മേഖലാതലത്തിൽ സെമിനാറുകളും നടപ്പിലാക്കും.

(സി) പദ്ധതിക്ക് ഈ സാമ്പത്തികവർഷം ഭാഗീകമായി അംഗീകാരം നൽകിയിട്ടുണ്ട്. പൂർണ്ണമായി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പദ്ധതി പ്രാഥമികഘട്ടത്തിലാണ്.

(ഇ) താൽപര്യമുള്ള കർഷകരെ സുതാര്യമായി തെരഞ്ഞെടുക്കുകയും അവർക്ക് താൽപര്യമുള്ളതും അനുയോജ്യവുമായ മൃഗസംരക്ഷണ മേഖലയിൽ വിദഗ്ദ്ധ പരിശീലനം നൽകി പുതിയ സംരംഭകരാക്കാനാണ് ഉദ്ദേശിക്കുന്നത്.

അതോടൊപ്പം പ്രോജക്ടുകൾ തയ്യാറാക്കുന്നതിനായി വിദഗ്ധരെ പരിശീലിപ്പിക്കുകയും ചെയ്യും.

(എഫ്) പ്രസ്തുത പദ്ധതിക്കായി 2012-13 വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ച തുക 350 ലക്ഷം രൂപയാണ്. വിദഗ്ദ്ധ പരിശീലനത്തിനായി ഈ തുക പര്യാപ്തമാണെങ്കിലും പരിശീലനം പൂർത്തിയാക്കിയ സംരംഭകർക്ക് പുതിയ സംരംഭം തുടങ്ങുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടില്ലാത്തതിനാൽ ആയതിലേക്ക് ഒരു കോടി രൂപ അധികമായി ഉപധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

### മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ

170 (4704) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കുമോ ;

(ബി) മൃഗാശുപത്രികൾ നവീകരിക്കുന്നതിനും ആവശ്യമായ മൃഗ ഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫിനെ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) കൊയിലാണ്ടി മൃഗാശുപത്രിക്ക് വേണ്ടത്ര ഭൗതിക സൗകര്യമില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ഡി) കൊയിലാണ്ടി മൃഗാശുപത്രിയ്ക്ക് പുതിയ കെട്ടിടവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) വിശദമാക്കാം. ഈ സർക്കാർ അധികാരമേറ്റശേഷം മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വ്യക്തമാക്കാം. മൃഗാശുപത്രികൾ നവീകരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതിയിനത്തിൽ മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ എന്ന ശീർഷകത്തിൽ മൃഗാശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ നവീകരണത്തിനും ആധുനികവത്കരണത്തിനുമായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്രസഹായത്തോടെ നിലവിലുള്ള മൃഗാശുപത്രികളുടെയും ഡിസ്പെൻസറികളുടെയും വികസനത്തിനായി 800 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികളിലൂടെ മൃഗചികിത്സാ സേവനങ്ങളും, സ്ഥാപനങ്ങളും മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും സ്ഥാപനങ്ങളുടെ നിലവാരം ഏകീകരിക്കുന്നതിനും ആരോഗ്യപരിരക്ഷാ സംവിധാനം മെച്ചപ്പെടുത്തുന്നതിനും, അവശ്യമായ രോഗനിർണ്ണയ രീതികൾ അവലംബിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മൃഗാശുപത്രിയിൽ മൃഗഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫിനെ നിയമിക്കുന്നതിന് പി.എസ്.സി.യിൽനിന്നും അഡ്വൈസ് വരുന്നുണ്ട്. ഒഴിവുള്ള തസ്തികകളിൽ നിയമനത്തിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കൊയിലാണ്ടി മൃഗാശുപത്രി ശാക്തീകരിക്കുന്നതിന് 2011-12 സാമ്പത്തികവർഷം 75 ശതമാനം കേന്ദ്രസഹായ പദ്ധതിയായ നിലവിലുള്ള മൃഗാശുപത്രികളുടെ ശാക്തീകരണം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 8.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## കെപ്കോ

171 (4705) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണവകുപ്പിന്റെകീഴിലുള്ള കെപ്കോ എന്ന സ്ഥാപനം ഏതെല്ലാം ജില്ലകളിലാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിൽ കെപ്കോയുടെ റീട്ടെയിൽ ഷോപ്പ് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.